## കാറ്റഗറി നമ്പർ: 138/2022

താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ 'ഒറ്റത്തവണ രജിസ്ട്രേഷനു ശേഷം മാത്രം നൽകേണ്ടതാണ്. രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. **ആധാർ കാർഡ് ഉള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർകാർഡ് ID Proof ആയി നൽകേണ്ടതാണ്.**

| | | | |
|---|---|---|---|
| 1 | **വകുപ്പ്/സ്ഥാപനം** | : | **കേരള ജല അതോറിറ്റി** |
| 2 | **ഉദ്യോഗപ്പേര്** | : | **അസിസ്റ്റന്റ് എഞ്ചിനിയർ (ഡിപ്പാർട്ടുമെന്റൽ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)** |
| 3 | **ശമ്പളം** | : | **₹40800-85000** |
| 4 | **ഒഴിവുകളുടെ എണ്ണം** | : | **8** |

കുറിപ്പ്: 1. മുകളിൽ പറയുന്ന തസ്തികയുടെ ചുരുക്കപ്പട്ടിക / സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യതയനുസരിച്ച് തീരുമാനിക്കുന്നതാണ്.

2. മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്താവുന്നതാണ്.

3. മുകളിൽ പറയുന്ന തസ്തികയിലേക്കുള്ള നിയമനത്തിനുള്ള ഏത് ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥികളുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ

ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**5. നിയമന രീതി** : കേരള ജല അതോറിറ്റിയിൽ (PHED) ഒന്നും രണ്ടും ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, വാട്ടർ വർക്ക്സ് ഇൻസ്പെക്ടർ , ഡ്രെയിനേജ് ഇൻസ്പെക്ടർ , ഒന്നും രണ്ടും ഗ്രേഡ് ഓവർസിയർ, ഒന്നും രണ്ടും ഗ്രേഡ് വർക്ക് സൂപ്രണ്ട് തുടങ്ങിയ തസ്തികകളിൽ കുറഞ്ഞത് രണ്ട് വർഷവും കേരള ജലഅതോറിറ്റിയിൽ (PHED) ക്ലാർക്ക് തസ്തികയിൽ കുറഞ്ഞത് 6 വർഷവും കേരള വാട്ടർ അതോറിറ്റിയിലുള്ള എഞ്ചിനിയറിംഗ് ബിരുദധാരികളും മൂന്നാം ഗ്രേഡ് ഓവർസിയറായി കുറഞ്ഞത് 3 വർഷവും സർവ്വീസ് ഉള്ളവരിൽ നിന്നും നടത്തുന്ന നേരിട്ടുള്ള നിയമനം.

<u>കുറിപ്പ് :</u> മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനത്തിന് അപേക്ഷിച്ചവരിൽ നിന്നും തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**6. പ്രായപരിധി** : ഉയർന്ന പ്രായപരിധി ബാധകമല്ല (കുറിപ്പ് 2 കൂടെ നോക്കുക)

കുറിപ്പ് –

1. സർവ്വീസിൽ നിന്നുള്ള നിയമനത്തിന് – കേരള സ്റ്റേറ്റ് ആന്റ് സബോഡിനേറ്റ് സർവ്വീസിലെ ചട്ടങ്ങളുടെ 14 മുതൽ 17 വരെയുള്ള സംവരണ ചട്ടങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

2. നിയമിക്കപ്പെടുന്നവർ ആദ്യത്തെ 10 വർഷത്തെ സേവനത്തിനിടയിൽ 4 വർഷം (പരിശീലന കാലമുൾപ്പെടെ) പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിബന്ധന 40 വയസ്സ് കഴിഞ്ഞവർക്ക് സാധാരണ ഗതിയിൽ ബാധകമല്ല.

3. അപേക്ഷകർ ഓഫീസ് മേലധികാരിയിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ റഗുലർ സർവ്വീസിലാണെന്ന് തെളിയിക്കുന്നതിന് താഴെപ്പറയുന്ന മാതൃകയിൽ ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് വാങ്ങി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

## <u>സർവ്വീസ് സർട്ടിഫിക്കറ്റ്</u>

1. ഉദ്യോഗാർത്ഥിയുടെ പേര് :
2. ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന :
   തസ്തികയുടെ പേരും ശമ്പള സ്കെയിലും

3. ഇപ്പോൾ ജോലി നോക്കുന്ന വകുപ്പിന്റെ :
പേര്

4. ഉദ്യോഗാർത്ഥി ഏത് സബോർഡിനേറ്റ് :
സർവ്വീസിൽപ്പെടുന്നു എന്ന്

5. സർവ്വീസ് തുടങ്ങിയ തീയതിയും :
പ്രൊബേഷൻ ആരംഭിച്ച തീയതിയും

6. അപേക്ഷകൻ അപ്രൂവ്ഡ് :
പ്രൊബേഷണറോ ഫുൾ മെമ്പറോ
എന്ന്

7. SC/ST/OBC എന്നിവയുടെ കാര്യത്തിൽ :

8. സമുദായവും മതവും :

9. സേവന വിവരങ്ങൾ:

| ക്രമ നമ്പർ | വഹിച്ച തസ്തിക | കാലയളവ് | | സർവ്വീസ് ദൈർഘ്യം | | | പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി |
|---|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം | |
| | | | | | | | |
| | | | | | | | |

..................................................... സബോർഡിനേറ്റ് സർവ്വീസിൽ ഒരു അപ്രൂവ്ഡ് പ്രൊബേഷണർ /ഫുൾമെമ്പറായ ശ്രീ/ ശ്രീമതി...................................... എന്ന ഉദ്യോഗസ്ഥനെ (യെ) സംബന്ധിച്ച് മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും അവ ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

1958 – ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ പാർട്ട് I – റൂൾ 2(13) –ലെ വ്യവസ്ഥകൾ പ്രകാരം ശ്രീ/ശ്രീമതി........................ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയ്ക്ക് തസ്തികമാറ്റം വഴി അപേക്ഷിക്കുവാൻ അർഹത നേടിയ ആളാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

ആഫീസ് തലവന്റെ ഒപ്പ് :

സ്ഥലം : പേര് :

തീയതി:

**7. യോഗ്യതകൾ** : 1. കേരള സർവ്വകലാശാലയുടെ സിവിൽ/ മെക്കാനിക്കൽ/കെമിക്കൽ എഞ്ചിനീയറിംഗിൽ

ബി. എസ്. സി. ബിരുദം / അല്ലെങ്കിൽ മദ്രാസ് സർവ്വകലാശാലയുടെ ബി. ഇ. സിവിൽ/ മെക്കാനിക്കൽ/കെമിക്കൽ ബിരുദമോ തത്തുല്യമായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യതയോ ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

2. (a) ഇന്ത്യൻ ഇൻസിറ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സിന്റെ സിവിൽ/ മെക്കാനിക്കൽ/കെമിക്കൽ എഞ്ചിനീയറിംഗിൽ അസോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമയോ തത്തുല്യമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഡിപ്ലോമയോ ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

b) ഇന്ത്യൻ ഇൻസിറ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സിന്റെ സിവിൽ/ മെക്കാനിക്കൽ/കെമിക്കൽ എഞ്ചിനീയറിംഗിൽ അസോസിയേറ്റ് മെമ്പർഷിപ്പ് എക്സാമിനേഷൻ 'എ' യും 'ബി' യും സെക്ഷനുകൾ പാസായിരിക്കണം.

കുറിപ്പ് :

1 കേരളത്തിലെ അംഗീകൃത സർവ്വകലാശാലകൾ / യു.ജി.സി അംഗീകരിച്ച മറ്റു സർവ്വകലാശാലകൾ ഇവയിലെ സിവിൽ / മെക്കാനിക്കൽ / കെമിക്കൽ എഞ്ചിനീയറിംഗിലുള്ള B Tech / BE യോഗ്യതയുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

2 കെ.എസ്.ആന്റ് എസ്.എസ്.ആർ.പാർട്ട് II വിലെ റൂൾ 10 (a) ii ബാധകമാണ്.

3 വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യയോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതകളുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ. വിജ്ഞാപനത്തിൽ യോഗ്യതകൾക്ക് ഉയർന്നതോ തത്തുല്യമോ ആയ യോഗ്യതകൾ വ്യവസ്ഥ ചെയ്തിട്ടുള്ള പക്ഷം, അപ്രകാരം ഉയർന്ന/ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള ഉയർന്ന/ തത്തുല്യ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റോ, സമാന യോഗ്യതയാണെന്നു തെളിയിക്കുന്ന സർക്കാർ ഉത്തരവോ ഹാജരാക്കേണ്ടതാണ്.

4 വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ KPSC Rules of Procedure 1976 Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

8 **അപേക്ഷ സമർപ്പിക്കേണ്ട രീതി:**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2012-ന് ശേഷം എടുത്തതായിരിക്കണം. പുതുതായി പ്രൊഫൈൽ ഉണ്ടാക്കുന്ന ഉദ്യോഗാർത്ഥികൾ 6 (ആറ്) മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ അപ് ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാ സമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

9 **അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 08.06.2022 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ**

10 **അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് : www.keralapsc.gov.in**

11 (a)പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v),(vii)(viii), (ix),(x) , (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b)മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

12 ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റതവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് download ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്.

(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾക്ക് പാർട്ട് 2 ൽ കൊടുത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ കൂടി നോക്കുക)

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**